ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പ്രവൃത്തികൾ

149 [1088] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എത്രയും വേഗം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പ്രവൃത്തികൾക്കായി 498 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഡ്രഡ്ജിംഗ്, ലേലപ്പുര, ജെട്ടി, ചുറ്റുമതിൽ, ഡ്രെയിനേജ് സൗകര്യം, ശുദ്ധജല വിതരണ സംവിധാനം, കടകൾ, ടോയ്ലറ്റുകൾ, വൈദ്യുതീകരണം, ഗ്രീൻ ബെൽട്ട്, മഴവെള്ള സംഭരണം തുടങ്ങിയവ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) പദ്ധതി രൂപരേഖയ്ക്ക് കേന്ദ്ര ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ബേപ്പൂരിലെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന്റെ കെട്ടിട നിർമ്മാണം

150 [1089] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ ഫിഷറീസ് ടെക്നിക്കൽ സ്കൂളിന്റെ സ്ഥലവും കെട്ടിടവും കോസ്റ്റ് ഗാർഡിന് കൈമാറിയതിനുപകരം പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) ഈ സ്ഥലം സൗജന്യമായാണോ വില നിശ്ചയിച്ചാണോ കൈമാറിയത്;

(സി) ഇതിലേക്കായി കോസ്റ്റ് ഗാർഡിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ എന്തെങ്കിലും കോമ്പൻസേഷൻ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ടെക്നിക്കൽ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) — (സി) കൈമാറുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ നടന്നുവരുന്നു.

(ഡി) ഈ സ്കൂളിൽ ഇപ്പോൾ മൂന്നു ഡിവിഷനുകളിലായി പഠിക്കുന്ന കുട്ടികളുടെ എണ്ണം 40-ന് താഴെ ആയതിനാൽ പുതിയ കെട്ടിടത്തിന്റെ ആവശ്യം വരുന്നില്ല.

സുനാമി ദുരന്തവും മത്സ്യബന്ധനോപകരണങ്ങളുടെ നഷ്ടവും

151 [1090] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സുനാമി ദുരന്തത്തിൽ കോട്ടുകാൽ, കരുംകുളം, തിരുപുറം, കുളത്തൂർ എന്നീ വില്ലേജുകളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടു; വിശദാംശങ്ങൾ വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ:

(ബി) ഇത് സംബന്ധിച്ച് കണക്കുകൾ ഫിഷറീസ് വകുപ്പോ, വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളോ ശേഖരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ച് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടുകാൽ, കരുംകുളം, തിരുപുറം എന്നീ വില്ലേജുകളിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടതായി വിവരം ലഭിച്ചിട്ടില്ല. എന്നാൽ കുളത്തൂർ വില്ലേജിൽ കൊല്ലംകോട് ദേശത്ത് ഒരു മത്സ്യത്തൊഴിലാളിയുടെ മത്സ്യബന്ധനോപകരണം നഷ്ടപ്പെട്ടിരുന്നു.

(ബി) ശേഖരിച്ചിട്ടുണ്ട്.

(സി) കുളത്തൂർ വില്ലേജിൽ കൊല്ലംകോട് ദേശത്ത് ശ്രീ. എൻ. ക്രിസ്തുദാസന് 80,000 രൂപയുടെ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly